I ഇ.ബി. XIV - കേരള നിയമസഭ/I-8

## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ജൂലൈ 08, വെള്ളി

നിയമസഭ രാവിലെ 9.00-മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### ധനകാര്യം

2016-2017 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിന്റെയും വോട്ട് ഓൺ അക്കൗണ്ടിന്റെയും അവതരണം

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2016-2017 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിച്ചു. തുടർന്ന് 2016-17 മുതൽ 2018-19 വരെയുള്ള പുതുക്കിയ മീഡിയം ടേം ഫിസ്കൽ പോളിസി സ്റ്റേറ്റ്മെന്റും

മീഡിയം ടേം ഫിസ്കൽ പ്ലാൻ അടക്കമുള്ള സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു.

രാവിലെ 9.00 മണിക്ക് ആരംഭിച്ച ബഡ്ജറ്റ് പ്രസംഗം 11.58-ന് പൂർത്തിയാക്കി.

മി. സ്പീക്കർ: ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാധ്യമപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ബഡ്ജറ്റ് ഡോക്യുമെന്റ്സ് അംഗങ്ങൾക്ക് എം.എൽ.എ. ഹോസ്റ്റലിലെ അവരവരുടെ മുറികളിൽ എത്തിക്കുന്നതാണ്. മാധ്യമപ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്യുമെന്റ്സ് ടേബിൾ വിഭാഗം അണ്ടർ സെക്രട്ടറിയുടെ മുറിയിൽനിന്ന് ലഭിക്കുന്നതാണ്.

(ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ വിതരണം ചെയ്തു.)

സഭ രാവിലെ 11.58- ന് പിരിഞ്ഞു.